# കേരള സർവകലാശാല

നം.പി.ആർ.138/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ജൂലൈയിൽ നടക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

ജൂലൈ 3 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) ജൂലൈ 2019 – സപ്ലിമെന്ററി, പാർട്ട് ടൈം, 2007 അഡ്മിഷൻ വരെയുള്ള മേഴ്സിചാൻസ് പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് സയൻസ് കോഴ്സിന്റെ പ്രാക്ടിക്കൽ, പ്രോജക്ട് ഇവാല്യുവേഷൻ എന്നിവ ജൂലൈ 2 മുതൽ 9 വരെ അതാത് കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

2019 ജൂൺ 28 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾടൈം (യു.ഐ.എം ഉൾപ്പെടെ)/റെഗുലർ (ഈവനിംഗ്)/ട്രാവൽ ആന്റ് ടൂറിസം) ഡിഗ്രി പരീക്ഷയുടെ **'Organisational Change and Development, International Tourism & Global Update'** എന്നീ പേപ്പറുകൾ ജൂലൈ 4 ലേയ്ക്ക് മാറ്റി വെച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വകുപ്പ് നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി, എം.കോം വിദ്യാർത്ഥികൾക്ക് ജൂൺ 29, 30 ന് കാര്യവട്ടം ക്യാമ്പസിൽ സമ്പർക്ക ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി ക്ലാസുകൾ ജൂലൈ 6 മുതൽ പാളയം വിദൂര വിദ്യാഭ്യാസ വകുപ്പിൽ വെച്ച് നടക്കും.

## പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ കേന്ദ്രം ഡിസംബർ 2018, ഫെബ്രുവരി 2019 ൽ നടത്തിയ പ്രീവിയസ്/ഫൈനൽ എം.എ മ്യൂസിക് പരീക്ഷാഫലം വെബ്സൈറ്റിൽ. മാർക്ക്ലിസ്റ്റുകൾ ജൂലൈ 2 ന് ശേഷം ഇ.ജി x സെക്ഷനിൽ നിന്ന് ഹാൾടിക്കറ്റുകൾ ഹാജരാക്കി കൈപ്പറ്റേണ്ടതാണ്. ഡിസംബർ 2018, ഫെബ്രുവരി 2019 ൽ നടത്തിയ പ്രീവിയസ്, ഫൈനൽ എം.എ സോഷ്യോളജി സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. മാർക്ക് ലിസ്റ്റുകൾ ജൂലൈ 10 മുതൽ സെന്ററുകളിൽ നിന്നും ഹാൾടിക്കറ്റുകൾ ഹാജരാക്കി കൈപ്പറ്റാവുന്നതാണ്. 2019 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ പി.ജി.ഡി.സി.എ (സപ്ലിമെന്ററി) മൂന്നാം സെമസ്റ്റർ പി.ജി.ഡി.സി.എ (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. മാർക്ക്ലിസ്റ്റുകൾ ജൂലൈ 1 മുതൽ എസ്.ഡി.ഇ, പാളയം സെന്ററിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

2019 ജൂണിൽ നടന്ന സർട്ടിഫിക്കറ്റ് ഇൻ റഷ്യൻ, ഡിപ്ലോമ ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ & ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, എം.എസ്.സി ഫിസിക്സ് പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടത്തിയ മൂന്നാം പ്രൊഫഷണൽ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

ജൂൺ 19 ന് ശ്രീകാര്യം, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ വെച്ച് നടത്തിയ എം.എസ്.ഡബ്യൂ, എം.എ.എച്ച്.ആർ.എം ഡിഗ്രി കോഴ്സുകളുടെ എൻട്രൻസ് പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി രജിസ്ട്രേഷൻ

സർവകലാശാലയുടെ ജൂലൈ 2019 സെഷൻ പിഎച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. ജൂലൈ 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജൂലൈ 16 ന് 5 മണിയ്ക്ക് മുൻപായി സർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനം 2019
## പുതിയ രജിസ്ട്രേഷനും, ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

ഒന്നാം വർഷ യു.ജി/പി.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 25.06.2019 മുതൽ 30.06.2019 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള, എന്നാൽ ഇതുവരെ പ്രവേശനം ലഭിക്കാത്തവർക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുന്നതിന് 25.06.2019 മുതൽ 30.06.2019 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കാനും, ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും, റീവാല്യുവേഷൻ, ഗ്രേസ് മാർക്ക് തുടങ്ങി മാർക്കുകളിലെ തിരുത്തലുകൾ, കാറ്റഗറി മാറ്റം തുടങ്ങി ഏതെങ്കിലും തിരുത്തലുകൾ വരുത്തുവാൻ ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ടകളിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷ ജൂൺ 30 വരെ സമർപ്പിക്കാവുന്നതാണ്. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്ക് ജൂൺ 30 വരെ ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അവരെ വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.സർവകലാശാലയിൽ തിരുത്തൽ, Reconsider എന്നിവയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സ്വമേധയാ തന്നെ അവ ചെയ്യേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019
## കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട പ്രവേശനം ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം


2019–2020 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നു. ജൂൺ 22 മുതൽ 30 വരെ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തലുകൾക്ക് വേണ്ടി സർവകലാശാലയെ സമീപിക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ കോഴ്സ്, കോളേജ് ഓപ്ഷനുകൾക്ക് പരിധിയില്ല. വിദ്യാർത്ഥികൾ നൽകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## യു.ജി/പി.ജി പ്രവേശനം 2019–20
## മാർജിനൽ ഇൻക്രീസ് അപേക്ഷ ക്ഷണിക്കുന്നു

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019–20 വർഷത്തെ യു.ജി/പി.ജി കോഴ്സുകളിലേയ്ക്ക് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിൽ നിന്നും മാർജിനൽ ഇൻക്രീസിന് അപേക്ഷ ക്ഷണിക്കുന്നു. ഗവൺമെന്റ് ഉത്തരവിൽ പറയുന്ന പ്രകാരം സീറ്റുകൾ ലഭ്യമാക്കാൻ ജൂലൈ 3 വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഇ–മെയിൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. (e-mail – jrugonline@gmail.com)ഗവൺമെന്റ് ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നത്.

തിരുവനന്തപുരം,
27–06–2019



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098